"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ല പൊന്നാനി താലൂക്ക് പൊന്നാനി നഗരം അംശം ദേശത്ത് റീ സർവ്വെ നമ്പർ 11/1 ൽ ഉൾപ്പെട്ട ഭൂമിയിൽ നിന്നും 70 സെന്റ് ഭൂമി പൊന്നാനി കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ജുഡീഷ്യൽ വകുപ്പിന് ഉപയോഗാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.247/2026/RD തീയതി,തിരുവനന്തപുരം, 17-08-2026

---

പരാമർശം:-

1. ഡിസ്ട്രിക്റ്റ് &സെക്ഷൻ ജഡ്ജ് മഞ്ചേരിയുടെ 04.10.2024ലെ അപേക്ഷ.
2. മലപ്പുറം ജില്ലാ കളക്ടറുടെ 05.03.2025-ലെ DCMPM/1644/2017-B1 നമ്പർ കത്ത്
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 06.02.2026-ലെ LR/13130/2025-LR(K2) നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ല പൊന്നാനി താലൂക്ക് പൊന്നാനി നഗരം അംശം ദേശത്ത് റീ സർവ്വെ നമ്പർ 11/1 ൽ ഉൾപ്പെട്ട ഭൂമിയിൽ നിന്നും 70 സെന്റ് ഭൂമി പൊന്നാനി കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ജുഡീഷ്യൽ വകുപ്പിന് കൈമാറുന്നതിലേക്ക് പരാമർശം(1) പ്രകാരം മലപ്പുറം ജില്ലാ ജഡ്ജി അർത്ഥനാപത്രം സമർപ്പിച്ചിരുന്നു.

2. അപേക്ഷാ ഭൂമി വില്ലേജ് റിക്കാർഡ് പ്രകാരം സർക്കാർ പുറമ്പോക്ക് ആണെന്നും, പൊന്നാനി കോടതിപ്പടി ജംഗ്ഷനിൽ നിന്നും ഹാർബർ റോഡിലേക്ക് പോകുന്ന ഭാഗത്ത് ടി റോഡിന്റെ തൊട്ട് പടിഞ്ഞാറ് മതിൽകെട്ടിനുള്ളിലായാണ് സ്ഥിതി ചെയ്യുന്നതെന്നും, ഏകദേശം 100 വർഷത്തിലധികം പഴക്കമുള്ള (AD 1888 ൽ നിർമ്മിച്ചത്) പഴയ പ്രധാനകെട്ടിടവും അനുബന്ധ കെട്ടിടങ്ങളും ഉള്ളതായും, പുരാതന കെട്ടിടം ഒഴിവാക്കി ബാക്കിയുള്ള സ്ഥലമായ 11.30 ആർസ് കോർട്ട് കോംപ്ലക്സ്, പാർക്കിംഗ് സ്ഥലം എന്നിവക്ക് അപര്യാപ്തമാണ് എന്നും പഴയ കെട്ടിടം സംരക്ഷിത കെട്ടിടമല്ലാത്തതിനാലും കൂടാതെ ഇത് റിപ്പയർ ചെയ്യാൻ വൻ തുക ആവശ്യമായി വരുമെന്നതിനാലും പഴയ കെട്ടിടം പൊളിച്ചുമാറ്റും എന്ന ധാരണയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് ഭൂമി കൈമാറാവുന്നതാണെന്നും പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പൊന്നാനി കോടതി സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായതും പൊന്നാനി താലൂക്ക് പൊന്നാനിനഗരം വില്ലേജ് പൊന്നാനിനഗരം അംശം ദേശത്ത് റീ.സർവ്വെ നമ്പർ 11/1 ൽ ഉൾപ്പെട്ട റിക്വിസിഷൻ പ്രകാരമുള്ള 70 സെന്റ് ഭൂമി ജുഡീഷ്യൽ വകുപ്പിന് കൈമാറുന്നതിനും ബാക്കി വരുന്ന ഭൂമി റവന്യൂ ഉടമസ്ഥതയിൽ തന്നെ നിലനിർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം(3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ല പൊന്നാനി താലൂക്ക് പൊന്നാനി നഗരം അംശം ദേശത്ത് റീ സർവ്വെ നമ്പർ 11/1 ൽ ഉൾപ്പെട്ട ഭൂമിയിൽ നിന്നും 70 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി രണ്ട് സേവനവകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും ചുവടെ പറയുന്ന നിബന്ധനകൾക്കും വിധേയമായി പൊന്നാനി കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ജുഡീഷ്യൽ വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

iii) ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗ പ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാ തരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും ജുഡീഷ്യൽ വകുപ്പ് സംരക്ഷിച്ചു നിർത്തേണ്ടതാണ്

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ ജില്ലാ കളക്ടറുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദിഷ്ട നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

vii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

5. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ മലപ്പുറം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷിബു എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

ഡിസ്ട്രിക്റ്റ് &സെക്ഷൻ ജഡ്ജ്, മഞ്ചേരി, മലപ്പുറം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം

ആഭ്യന്തര വകുപ്പ് (S3/28/2026-HOME)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പ് (REV-L1/93/2025-REV)

ഉത്തരവിൻ പ്രകാരം
Digitally signed by
Praneesh M P
Date: 17-08-2026
14:17:34
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്